# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. *270

18/07/2016 - ൽ മറുപടിയ്ക്ക്

## സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഒ. ആർ. കേളു<br>" എ. പ്രദീപ് കുമാർ<br>" സി.കെ. ശശീന്ദ്രൻ<br>" ആന്റണി ജോൺ | പ്രൊ.സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് ആവശ്യത്തിന് ഫണ്ട് അനുവദിക്കാതെയും അനുവദിക്കുന്ന ഫണ്ട് യഥാസമയം ലഭ്യമാക്കാതെയും സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി പ്രതിസന്ധിയിലായിരുന്നുവെന്ന ആക്ഷേപം പരിശോധിച്ചിരുന്നോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും പച്ചക്കറി, പലവ്യഞ്ജനം, പയർവർഗ്ഗങ്ങൾ, എണ്ണ, വിറക് എന്നിവയുടെ ക്രമാതീതമായ വില വർദ്ധനവുമൂലം സ്കൂൾ ഉച്ചഭക്ഷണപദ്ധതിയുടെ നടത്തിപ്പിനു കണ്ടിജന്റ് ഇനത്തിൽ നൽകി വരുന്ന തുക കാലോചിതമായി പ രിഷ്ക്കരിക്കേണ്ട ആവശ്യകത ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 150 ൽ കുടുതൽ കുട്ടികളുള്ള സ്കൂളുകളിൽ കണ്ടിജന്റ് ചാർജ്ജ് കുട്ടിയൊന്നിന് 8/-രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. 150 കുട്ടികളിൽ കുറവുള്ള സ്കുളുകളിലെ കുട്ടികൾക്കു കൂടി കണ്ടിജന്റ് ചാർജ്ജ് 5/- രൂപയിൽ നിന്നും ഉയർത്തി എല്ലാ കുട്ടികൾക്കും 8/- രൂപ നിരക്കിൽ കണ്ടിജന്റ് ചാർജ്ജ് നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. |
| ബി) പ്രധാനാധ്യാപകരെ കടക്കെണിയിലാഴ്ത്താതെ സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിയിൽ കൃത്യത വരുത്തുന്നതിനും പോഷക ഗുണമുള്ള ആഹാരം | (ബി) പ്രഥമാദ്ധ്യാപകർക്ക് നിലവിൽ സ്കൂൾ ഉച്ചഭക്ഷണപദ്ധതിയുടെ നടത്തിപ്പിനു ആവശ്യമായ തുക മുൻകൂറായാണ് |

നൽകാനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

(4 മാസത്തേക്ക്) നൽകി വരുന്നത്. കുട്ടികൾക്ക് ശാരീരിക - മാനസിക വളർച്ചക്കും വികാസത്തിനും രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും ശാരീരിക പ്രവർത്തനങ്ങൾക്കാവശ്യമായ ഊർജ്ജം പ്രദാനം ചെയ്യുന്നതിനും ഉതകുന്ന തരത്തിൽ എല്ലാ പോഷക ഘടകങ്ങളും ആവശ്യമായ അളവിലും അനുപാതത്തിലും കിട്ടത്തക്ക വിധത്തിൽ പ്രാദേശിക സാഹചര്യവും കൂടി കണക്കിലെടുത്ത് വൈവിധ്യമായ പ്രതിദിന മെനു നിശ്ചയിക്കുവാൻ അതാത് സ്കൂൾ നൂൺ ഫീഡിംഗ് കമ്മറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) സർക്കാരിന്റെ ഉത്തരവാദിത്വം നിലനിർത്തിക്കൊണ്ടു തന്നെ അദ്ധ്യാപക രക്ഷാകർതൃ സമിതികളെ കൂടി പങ്കാളികളാക്കി, പദ്ധതി കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കാമോ; വിശദാംശങ്ങൾ നൽകുമോ ?

(സി) അദ്ധ്യാപക രക്ഷാകർതൃ സമിതികളുടെ മേൽനോട്ടത്തിലാണ് സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി നടന്നുവരുന്നത്. ഇതിനായി അദ്ധ്യാപക രക്ഷാകർതൃ സമിതി പ്രസിഡന്റ് ചെയർമാനായി സ്കൂളുകളിൽ നൂൺ ഫീഡിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയിൽ ഒരു മദർ പി.ടി.എ. അംഗം, എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട രക്ഷകർത്താക്കളുടെ രണ്ട് പ്രതിനിധികൾ എന്നിവർ കൂടി ഉൾപ്പെടുന്നു.

സെക്ഷൻ ഓഫീസർ